(സി) പോലീസ് സേനയെ സംബന്ധിക്കുന്ന വിവരം അനുബന്ധം-I -ലും, അഗ്നിശമനസേനയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം-II-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.*

സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

24 (*744) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ച സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് അനുവദിക്കുന്ന പരമാവധി സബ്സിഡി തുക എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും സബ്സിഡി നൽകുന്നതിന് പ്രതിവർഷം എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ബജറ്റിൽ ഇതിനായി വകയിരുത്തിയ തുകയിൽ എത്ര ശതമാനം ഇതിനകം ചെലവഴിച്ചുവെന്നും അർഹതയുള്ള മത്സ്യത്തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഇ) കാലാവധി കഴിഞ്ഞതും ലൈസൻസ് ഇല്ലാത്തതുമായ ഔട്ട് ബോർഡ് എഞ്ചിന്റെ പേരിൽ സബ്സിഡി ചോർന്നു പോകാതിരിക്കാനുള്ള കരുതൽ നടപടി എന്താണെന്ന് വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നിയമാനുസൃതമായ ചില തടസ്സങ്ങൾ ഉള്ളതിനാൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ ജില്ലാടിസ്ഥാനത്തിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ചുകൊണ്ട് ഓയിൽ കമ്പനികളിൽ നിന്നും വെള്ള മണ്ണെണ്ണ ശേഖരിച്ച് വിതരണം ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഒരു മത്സ്യത്തൊഴിലാളിക്ക് ലിറ്ററൊന്നിന് പരമാവധി 25 രൂപ സബ്സിഡി അനുവദിച്ചുകൊണ്ട് മണ്ണെണ്ണ വിതരണം ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം അർഹരായ 22000 മത്സ്യത്തൊഴിലാളികൾക്ക് വ്യത്യസ്ത നിരക്കിൽ എഞ്ചിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 137 ലിറ്റർ, 144 ലിറ്റർ, 188 ലിറ്റർ വീതം പരിമിതപ്പെടുത്തി ലിറ്ററൊന്നിന് 25 രൂപ നിരക്കിൽ സബ്സിഡി നൽകുവാൻ ആകെ പ്രതിവർഷം 96.75 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ സബ്സിഡി നിരക്കിൽ നിശ്ചിത തോതിൽ നൽകുന്ന മണ്ണെണ്ണയ്ക്ക് പുറമേ മാർക്കറ്റ് നിരക്കിൽ ആവശ്യാനുസരണം വേണ്ടിവരുന്ന മണ്ണെണ്ണ, മത്സ്യത്തൊഴിലാളികൾക്ക് ബങ്കുകളിൽ നിന്നും ലഭ്യമാക്കുവാൻ കഴിയുമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേക സവിശേഷത.

(ഡി) ബഡ്ജറ്റിൽ ഇതിനായി പ്രഖ്യാപിച്ച 100 കോടി രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. അർഹരായ 22000 മത്സ്യത്തൊഴിലാളികൾക്ക് പദ്ധതി പ്രയോജനം ലഭ്യമാക്കാൻ സാധിക്കുന്നതരത്തിലാണ് പദ്ധതി രൂപരേഖ ആവിഷ്കരിച്ചിട്ടുള്ളത്.

(ഇ) പരമാവധി 15 കൊല്ലം വരെ പഴക്കമുള്ള പ്രവർത്തന യോഗ്യമായ എഞ്ചിനുകൾക്കാണ് ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പുവഴി പെർമിറ്റ് മുഖാന്തിരം മണ്ണെണ്ണ ലഭിക്കുന്നത്. എന്നാൽ തൊഴിലാളികളെ പരമാവധി സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരിക്കൽ അർഹതയുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്തിട്ടുള്ള പെർമിറ്റുകളുടെ കാലാവധി അടുത്ത സംയുക്ത എഞ്ചിൻ പരിശോധനവരെ തുടരുമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മത്സ്യഫെഡ് വഴി വെള്ള മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമ്പോഴും ഇതേ മാനദണ്ഡം സ്വീകരിച്ചുകൊണ്ടും അനർഹരെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ബാർലൈസൻസ് സംബന്ധിച്ച് ഹൈക്കോടതി നിരീക്ഷണം

25 (*745) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ ലൈസൻസ് വിഷയത്തിൽ സർക്കാരിന്റെ നയവും നടപടികളും രണ്ടുവഴിക്കാവരുതെന്ന ബഹു. കേരള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതി ഇത്തരത്തിൽ നിരീക്ഷിക്കാനിടയായതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) മദ്യലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യം സർക്കാരിനുണ്ടോ ; എങ്കിൽ ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണത്തിൽ എത്ര ശതമാനം കുറയ്ക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly